പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4498 21.03.2018-ൽ മറുപടിക്ക്

'ഇ-ഹെൽത്ത്' പദ്ധതിയുടെ ഡേറ്റാബേസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. കെ.ദാസൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ഐ.ബി.സതീഷ് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 'ഇ-ഹെൽത്ത്' എന്ന പദ്ധതിയുടെ ഡേറ്റാബേസ് തയ്യാറാക്കൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഇ ഹെൽത്തിന്റെ ഭാഗമായ demographic database തയ്യാറാക്കുന്നതിനായി 9500 ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ സംസ്ഥാനത്തുടനീളം വിതരണം ചെയ്ത് വിവര ശേഖരണം നടന്നു വരുന്നു. ഓരോ വ്യക്തിക്കും Unique Health –ID (UHID) നൽകുന്നുണ്ട്. 37,33,000 പേരെ ഇതിനോടകം രജിസ്റ്റർ ചെയ്തു. ചികിത്സക്കായി ഇവർ ആശുപത്രികളിലെത്തുന്ന മുറയ്ക്ക് കൂടുതൽ വിവരങ്ങൾ കൂട്ടിച്ചേർക്കപ്പെടും. തിരുവനന്തപുരം ജില്ലയിലെ 9 ആശുപത്രികളിലും മെഡിക്കൽകോളേജിലെ 2 ഡിപ്പാർട്ടുമെന്റുകളിലും വയനാട്, നൂൽപ്പുഴ പ്രാഥമികാരോഗ്യകേന്ദ്രത്തിലും ഈ പ്രവർത്തനം ആരംഭിക്കുകയും ചികിത്സയ്ക്കെത്തുന്നവരുടെ വിവരങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തുവരുന്നു. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചുള്ള Public Health സേവനങ്ങൾ കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാവുകയാണ്. ആശുപത്രികൾ കേന്ദ്രികരിച്ചുള്ള കമ്പ്യൂട്ടർ വല്ക്കരണം ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലാണ് നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ